Government of Kerala Press Release dated 19.11.2016

# ചെറുകിട ധാതുഖനനം: ജില്ലാതല പാരിസ്ഥിതികാനുമതി നേടണം

അഞ്ച് ഹെക്ടറോ അതിൽ കുറവോ വിസ്തീർണമുള്ള ഭൂമിയിൽനിന്ന് ചെറുകിട ധാതുക്കൾ ഖനനം ചെയ്യാൻ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല പരിസ്ഥിതി ആഘാത നിർണയ അതോറിറ്റിയിൽ നിന്ന് പാരിസ്ഥിതികാനുമതി വാങ്ങണമെന്ന് വ്യവസായ വകുപ്പ് അറിയിച്ചു. ഇതിനായി കേന്ദ്രസർക്കാരിന്റെ www.environmentclearance.nic.in/deiaa.aspx വെബ്സൈറ്റിൽ സജ്ജീകരണങ്ങളൊരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ജില്ലാതല വിദഗ്ധ അപ്രൈസൽ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയായ ജില്ലാ ജിയോളജിസ്റ്റിൽ നിന്ന് ലഭിക്കും. സംശയദൂരീകരണത്തിന് പ്രത്യേകം നിയോഗിക്കപ്പെട്ട നോഡൽ ഓഫീസറുമായി (കൃഷ്ണേന്ദു എൻ.ആർ : ഫോൺ നമ്പർ 0471 2556119 (എക്സ്ടെൻഷൻ: 204) ഇ-മെയിൽ: dmgecinfo@gmail.com) ബന്ധപ്പെടാവുന്നതാണ്.

www.environmentclearance.nic.in/deiaa.aspx എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഫോറം IM ലുള്ള അപേക്ഷയോടൊപ്പം പ്രീ ഫീസിബിലിറ്റി റിപ്പോർട്ടും മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ഓഫീസിലെ ജിയോളജിസ്റ്റ് അംഗീകരിച്ച മൈനിംഗ് പ്ലാനും ജില്ലാ സർവേ റിപ്പോർട്ടും ആമുഖ കത്തും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണം. യൂസർ മാന്വൽ വെബ്സൈറ്റിലുണ്ട്. അപേക്ഷിക്കുമ്പോൾ ലഭിക്കുന്ന യൂസർ ഐ.ഡി, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് സൈറ്റ് ലോഗിൻ ചെയ്താൽ അപേക്ഷയിൽ സ്വീകരിച്ച തുടർനടപടി അറിയാം. കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് monitoring-deiaa@nic.in എന്ന ഇ-മെയിലിലോ, 011-24695407 ഫോൺ നമ്പരിലോ ബന്ധപ്പെടണം. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ www.dmg.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ജില്ലാ സർവേ റിപ്പോർട്ട് ലഭ്യമാക്കും. സുപ്രീം കോടതി വിധിയുടേയും കേന്ദ്ര പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെയും ഉത്തരവുകളുടെ വെളിച്ചത്തിൽ ക്വാറിയിംഗ് പെർമിറ്റിന്/ലീസിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് അനുമതി നേടണമെന്ന് വ്യവസായ വകുപ്പ് അറിയിച്ചു.